# കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം

ഇ1-4219/2020 തീയതി- 11.09.2020

## സർക്കുലർ നമ്പർ: 27/2020-2021

വിഷയം-. കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് – കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ - ഓഫീസുകളുടെ പ്രവർത്തനം – തുടർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം- 1. ബോർഡ് സർക്കുലർ നമ്പർ 13/2020-2021 തീയതി : 06.07.2020

2. സ.ഉ. (അച്ചടി) നം.99/2020/ധന തീയതി -30.07.2020

3. സ.ഉ.(കൈ)നം.99/2020/പൊ.ഭ.വ തീയതി 18.05.2020

4. സ.ഉ.(കൈ)നം.112/2020/പൊ.ഭ.വ തീയതി 07.06.2020

5. ബോർഡ് സർക്കുലർ നമ്പർ 14/2020-2021 തീയതി : 03.08.2020

കോവിഡ്-19 നിർവ്യാപന / പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിന് കീഴിലെ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് പരാമർശം (1) (5) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ തുടർച്ചയായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ ജീവനക്കാർ പ്രത്യേകം പരിഗണന നൽകേണ്ടതാണ് എന്നും ഓഫീസ് മേധാവികൾ ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ് എന്നും പരാമർശം (4) പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ വിവിധ ഓഫീസുകളിൽ ധാരാളം ഫയലുകൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ, ടി ഫയലുകൾ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഓഫീസിൽ സാമൂഹിക അകലം പാലിച്ചു ജോലി ചെയ്യുവാനുള്ള സൗകര്യം ഇല്ലായെങ്കിൽ ഗ്രൂപ്പ് 'സി', 'ഡി' വിഭാഗം ജീവനക്കാർ ആഴ്ചയിൽ കുറഞ്ഞത് മൂന്ന് ദിവസം എങ്കിലും ജോലിയ്ക്ക് ഹാജരാകത്തക്ക വിധത്തിൽ ഓഫീസ് മേധാവി ക്രമീകരണം നടത്തേണ്ടതും പെൻഡിംഗ് ഫയലുകൾ ഒരു മാസത്തിനകം തീർപ്പു കൽപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഒക്ടോബർ മാസത്തിൽ നടത്താൻ നിശ്ചയിച്ചിട്ടുള്ള റിവ്യൂ മീറ്റിംഗിന് മുമ്പായി ടി വിഷയത്തിലെ പുരോഗതി ബോർഡിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ്(I/C)

സ്വീകർത്താവ്

എല്ലാ ജില്ലാകമ്മിറ്റി /കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർ

പകർപ്പ്-

എഫ്ഒ/സെക്രട്ടറി, കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, എറണാകുളം.

അക്കൗണ്ട്സ് ഓഫീസർ (ഡബ്ലിയു &ഇ) (പി &എ) (ഐ &എ) (സ്കാറ്റേർഡ്)

ജൂനിയർ സൂപ്രണ്ട് (എസ്റ്റാബ്ലിഷ്മെന്റ്,ഫിനാൻസ്, ക്യാഷ്, ഓഡിറ്റ്)

ഇ2,ഇ3,ഇ4,ഇ5, ബിൽ, സ്റ്റോക്ക് ഫയൽ

//ഉത്തരവിൻ പ്രകാരം//

// ജൂനിയർ സൂപ്രണ്ട്//